Draft #2 of File 221/ACB1SO/Princ/2021/ACD Approved by ASSISTANT REGISTRAR I (ACADEMIC) on 29-Jul-2021 04:32 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സ്വകാര്യ എയ്ഡഡ് കോളേജുകൾ- പ്രൊമോഷൻ വഴിയുള്ള പ്രിൻസിപ്പൽ നിയമനം- സ്പഷ്ടീകരണം നൽകുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 1 സെക്ഷൻ**

നമ്പർ. 3704/AC B 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 02.08.2021

---

*പരാമർശം:*-1. 19.10.2019 തീയതിയിലെ 5020/ACL/2019/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവ്.

2.10.01.2020 തീയതിയിലെ 150/AC L/2020/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവ്.

3. 08.07.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ 83/21.03/221/ACB1 SO/PRINC//2021/ACAD.

**<u>ഉത്തരവ്</u>**

യു.ജി.സി റഗുലേഷൻസ് 2018, പരാമർശം (1) പ്രകാരം, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്.സ്വകാര്യ എയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പൽ നിയമനങ്ങൾ യു ജി സി റഗുലേഷൻസ് പ്രകാരമാണ് നടത്തപ്പെടുന്നത്. യു.ജി സി റഗുലേഷൻസ് 2018 -ൽ നേരിട്ടുള്ള പ്രിൻസിപ്പൽ നിയമനം സംബന്ധിച്ചാണ് പരാമർശിച്ചിട്ടുള്ളത്. പ്രസ്തുത റഗുലേഷൻസിൽ പ്രൊമോഷൻ വഴിയുള്ള പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല. യു.ജി.സി റഗുലേഷൻസ് 2018 പരിഷ്കരണവും സ്റ്റാറ്റ്യൂട്ട് ഭേദഗതിയും സംബന്ധിച്ച പരാമർശം (2) സർവ്വകലാശാല ഉത്തരവിൽ, നേരിട്ടുള്ള പ്രിൻസിപ്പൽ നിയമനങ്ങൾക്കുള്ള മാനദണ്ഡങ്ങൾ സ്ഥാനക്കയറ്റം മുഖേനയുള്ള പ്രിൻസിപ്പൽ നിയമനങ്ങൾക്കും ബാധകമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിൻപ്രകാരം നേരിട്ടുള്ള നിയമനത്തിന് യു ജി സി റഗുലേഷൻസ് അനുശാസിക്കുന്ന യോഗ്യതയും സെലക്ഷൻ കമ്മിറ്റിയും തന്നെ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, സെക്ഷൻ 59(3) പ്രകാരമുള്ള സ്ഥാനക്കയറ്റം മുഖേനയുള്ള പ്രിൻസിപ്പൽ നിയമനങ്ങൾക്കും വേണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട്സ് 26-മത് ഭേദഗതിയിലെ സ്റ്റാറ്റ്യൂട്ട്സ് 6 ലും പ്രൊമോഷൻ വഴിയുള്ള പ്രിൻസിപ്പൽ നിയമനത്തിന് നേരിട്ടുള്ള നിയമനത്തിനുള്ള അതേ തെരഞ്ഞെടുപ്പ് സമിതി വേണം എന്ന് നിഷ്കർഷിക്കുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985,സെക്ഷൻ 59(3) അനുസരിച്ച് പ്രൊമോഷൻ വഴി ഒരു കോളേജിലെ അദ്ധ്യാപകൻ / അദ്ധ്യാപികയെ പ്രസ്തുത കോളേജിൽ പ്രിൻസിപ്പൽ ആയി നിയമിക്കുമ്പോൾ ടി തസ്തിക വിജ്ഞാപനം ചെയ്യേണ്ടതുണ്ടോ എന്ന് സർവ്വകലാശാലാ ചട്ടങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല.

പ്രസ്തുത വിഷയം പരിഗണിച്ച 08.07.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (2) പ്രകാരം താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടിരിക്കുന്നു.

"സ്വകാര്യ എയ്ഡഡ് കോളേജുകളിലെ പ്രൊമോഷൻ വഴിയുള്ള പ്രിൻസിപ്പൽ നിയമനത്തിന് വിജ്ഞാപനം ഇറക്കി അതാത് കോളേജ് മാനേജരുടെ കീഴിലുള്ള കോളേജുകളിലെ അദ്ധ്യാപകരെ അറിയിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത വിജ്ഞാപനം പത്ര മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തേണ്ടതില്ല എന്ന് സ്വകാര്യ എയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട് വ്യക്തമാക്കുന്നതിന് തീരുമാനിച്ചു. "

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
2. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം / എറണാകുളം .
3. വൈസ് ചാൻസലറുടെ / പ്രൊ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി.
4. രജിസ്ട്രാറുടെ / പരീക്ഷ കൺട്രോളറുടെ പി. എ.
5. എ.സി.സി. 1/2 സെക്ഷൻ/ എ.സി.ബി. 2 സെക്ഷൻ .
6. ഐ. ക്യു. എ. സി / കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ.
7. റെക്കോർഡ്സ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 221/ACB1SO/Princ/2021/ACD Approved by ASSISTANT REGISTRAR I (ACADEMIC) on 29-Jul-2021 04:32 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം